ADJOURNMENT MOTION.

PRESIDENT: The question time being over we will now proceed to the next item. An Adjournment motion has been brought in by Mr. N. D. Jose. It reads.

> "I move that the business of the House be adjourned to discuss a matter of urgent public importance namely the serious situation created by the decision of the FACT employees to strike work in particular as a result of Government interference in the functioning of Trade Unions."

I would like to know what the Honourable Minister concerned has to say on this matter?

HON'BLE MR. N. KUNJU RAMAN എഫ്. എ. സി. റി. യിലെ മാനേജ്മെൻറിനു ഇതുവരെ സ്ട്രൈക്ക് നോട്ടീസ് കിട്ടിയിട്ടില്ല. ആ നിലയിൽ അടിയന്തിരമായ എന്തെങ്കിലും സ്ഥിതിഗതികൾ സംജാതമായിട്ടുള്ളതായി വിശ്വസിക്കാൻ നിവൃത്തിയില്ല. മാനേജ്മെൻറും തൊഴിലാളികളും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടെന്നു തോന്നുന്നതുകൊണ്ട് ഈ വിഷയം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ജോലി മുറക്കു നടക്കുന്നുണ്ട്. ആ സ്ഥിതിക്കു അടിയന്തിരപ്രമേയത്തിൻെറ ആവശ്യമില്ലെന്നാണ് എൻെറ അഭിപ്രായം.

MR. P. S. NATARAJA PILLAI: On a point of information. May I know whether there has been a strike ballot and that ballot has been accepted by the Union there? I am asking this because that is stated in the adjournment motion.

HON'BLE MR. N. KUNJURAMAN: സ്ട്രൈക്കു ബാലറ്റ് ഉണ്ടായിരുന്നതായിട്ടറിയാം. എന്നാൽ യൂണിയൻ അക്സപ്റ്റു ചെയ്തിട്ടുള്ളതായിട്ടറിയാൻ പാടില്ല.

MR. PRESIDENT: മന്ത്രി പറയുന്നതു് സ്ട്രൈക്ക് നടത്താൻ തീരുമാനിച്ചേ ഉള്ളൂ, സ്ട്രൈക്കു തുടങ്ങിയിട്ടില്ല എന്നാണ്. അതുകൊണ്ട് അടിയന്തിരപ്രമേയം അനുവദിക്കുന്നില്ല.

MR. K. N. SANKUNN PILLAI (*Kottayam IV—General*): സർ, ഇന്നലെയും ഇതുപോലെ ഒരു അടിയന്തിരപ്രമേയം കൊണ്ടുവന്നു. ഇന്നും ഉണ്ടു. അതായതു് ഒരു നടക്കാത്ത കാര്യത്തെപ്പറ്റി. ഇങ്ങനെ സംഭവിക്കാത്ത കാര്യത്തെപ്പറ്റി അടിയന്തിരപ്രമേയം കൊണ്ടുവരുന്നതു് സെൻസിക്കിനെ എൻകറേജു ചെയ്യുന്നാണ്. ഇതനുവദനീയമാണോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT: അങ്ങിനെയുള്ളതു് കൊണ്ടുവരാൻ പാടില്ലെന്നാണ് റൂൾ.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : ആർഡർ ആർഡർ. എനിക്ക് ഒരു പ്രസ്താവന ചെയ്വാനുണ്ട്. ഈ അംഗങ്ങൾ അടങ്ങിയ ഒരു ഡിലിമിറ്റേഷൻ കമ്മിറ്റിയെ രൂപീകരിക്കാൻ സഭ കുംഭം ൧൰ാം ൟ തീരുമാനിക്കുകയും ആ ൪ അംഗങ്ങളെ ആനുപാതികപ്രാതിനിദ്ധ്യതത്വമനുസരിച്ച് തെരഞ്ഞെടുക്കുന്നതാണെന്നു പ്രധാനമന്ത്രി നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നതുകൊണ്ട് ആ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശങ്ങൾ കുംഭം ൧൰ാം തിയതി ഉച്ചയ്ക്ക് ൨ മണിക്കു മുൻപ് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്. അന്നത്തെ വൈകിട്ട് ൪൰൨൰ന് നാമനിർദ്ദേശങ്ങൾ എന്റെ ചേംബറിൽ വച്ചു പരിശോധിക്കുന്നതാണ്. തെരഞ്ഞെടുപ്പ്, ആവശ്യമെന്നു കണ്ടാൽ കുംഭം ൧൭ാം ൟ സഭാനടപടികൾക്കു ശേഷം നടത്തുന്നതാണ്.

Reference to Ayurveda College.

MR. K. SIVARAMA PILLAI: Before we proceed to the business of the House may I remind the Prime Minister of what he promised yesterday about the Ayurveda College affair.

HON'BLE MR. T. K. NARAYANA PILLAI : ആയുർവേദ കോളേജിനെ സംബന്ധിച്ചു ഗവണ്മെന്റിനു പറയുവാനുള്ളത് ഇന്നത്തെ പത്രങ്ങളിൽ തന്നെ പ്രസിദ്ധംചെയ്തിട്ടുള്ളതാണ്. അതിന്റെ ചുരുക്കം ഇതാണ്: ആയുർവേദ കോളേജു വിദ്യാർത്ഥികൾ ആവശ്യപ്പെട്ടിരിക്കുന്നത് പഞ്ചവത്സരകോഴ്സിന്റെ ഫലമായി ജയിച്ചവർക്കു ഇപ്പോൾ കൊടുത്തുവരുന്ന വൈദ്യകലാനിധി എന്ന സ്ഥാനപ്പേർ പോരാ എന്നും തിരുവിതാംകൂർ യൂനിവേഴ്സിറ്റിയിൽ നിന്നും അംഗീകരിച്ചിട്ടുള്ള ഒരു ഡിഗ്രിയോ, ഡിപ്ലമായോ കൊടുക്കണമെന്നുമാണ്. അവർക്കു ഇനി വൈദ്യകലാനിധി എന്ന ബിരുദം കൊടുക്കുന്നില്ല. ആയുർവേദത്തെപ്പറ്റി അന്വേഷിച്ച് അതിനെ പരിഷ്കരിക്കുന്നതിനും, ആയുർവേദ കോളേജ് യൂണിവേഴ്സിറ്റിയിലേക്ക് അഫിലിയേറ്റു ചെയ്യുന്നതിനേയും, ആയുർവേദകോളേജ് വിദ്യാർത്ഥികൾക്ക് ഡിഗ്രിയോ ഡിപ്ലമായോ കൊടുക്കുന്നതിനേയും പറ്റി അന്വേഷിച്ച് റിപ്പോർട്ടു ചെയ്യുന്നതിനും മറ്റുമായി ഒരു കമ്മിറ്റിയെ രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി ഒരു മാസത്തിനകം റിപ്പോർട്ടു സമർപ്പിക്കുമെന്നു വിശ്വസിക്കുന്നു. പിന്നെ മൂന്നുമാസത്തിനകം, ആ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഗവണ്മെന്റ് പഞ്ചവത്സരകോഴ്സ് കഴിഞ്ഞുവരുന്നവർക്കു അവർ ആവശ്യപ്പെടുന്നതുപോലെയുള്ള ഡിഗ്രികൊടുക്കുന്നതാണെന്നു പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതു രണ്ടും ചെയ്യാമെന്നാണ് ഗവണ്മെന്റ് പറഞ്ഞിട്ടുള്ളത്. ഇതു മുമ്പു സ്വീകരിച്ചിരുന്ന നയമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly